## കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - അനദ്ധ്യാപക ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10% എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി 19000-43600/- രൂപ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ: സി 4/18758/2016/കോ.വി.വ          തീയതി: 29.09.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. 03.01.2014-ലെ സർക്കാർ ഉത്തരവ് സ.ഉ(പി)നം.01/14/ഉ.ഭ.പ.വ.
2. 08.06.2017-ലെ ഭേദഗതി ചെയ്ത അന്തിമ മുൻഗണനാ ലിസ്റ്റ് നം.സി4/18758/16

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10% എൽ.ഡി ടൈപ്പിസ്ററ് തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിനായി പരാമർശം 1 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ 08.06.2017-ലെ നം.സി4/18758/16 ആയി പ്രസിദ്ധീകരിച്ച, ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഭേദഗതി ചെയ്ത അന്തിമ മുൻഗണന ലിസ്റ്റിൽ നിന്നും താഴെ പറയുന്ന ജീവനക്കാരെ അവരുടെ പേരിനെതിരെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ 19000-43600/- രൂപ ശമ്പള സ്കെയിലിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റം പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം. | 08.06.2017-ലെ സി4/18758/16 നമ്പർ മുൻഗണനാ പട്ടികയിലെ ക്രമ നം. | പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | തസ്തികമാറ്റം നൽകുന്ന തസ്തിക നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 4 | രാജേന്ദ്രൻ.ബി<br>അറ്റൻഡർ<br>ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്<br>സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം |

തസ്തികമാറ്റം വഴി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിച്ച ജീവനക്കാരന്റെ സീനിയോറിറ്റി ടി ഉത്തരവ് തീയതിയുടെ പ്രാബല്യത്തിൽ ആയിരിക്കും നിശ്ചയിക്കുന്നത്.

GOVERNMENT OF KERALA 2017-18

73504

ഈ ഉത്തരവ് പ്രകാരം തസ്തികമാറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി തസ്തികമാറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം തസ്തികമാറ്റം ലഭിച്ച ജീവനക്കാർ ഡിക്ലറേഷൻ ഫോറം സ്ഥാപന മേധാവി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്/-)
രമേഷ്.റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപനമേധാവിയ്ക്ക്
3) സി3 സെക്ഷന്.
4) കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/01.10.2018



GOVERNMENT OF KERALA 2017-18